പുഴയുടെ കുത്തൊഴുക്കിലേക്ക് കുതിച്ചു ചാടി ജീവനൊടുക്കാൻ തുനിഞ്ഞ ഒരാളെ ഒരു സൂഫി ഫക്കീർ തടഞ്ഞു നിർത്തി കാരണമാരാഞ്ഞു.

"ദയവു ചെയ്ത് എന്നെ മരിക്കാനനുവദിക്കുക. എനിക്ക് ഒരു വിലയുമില്ല" അയാൾ പറഞ്ഞു.

നിങ്ങൾ ഒരു ദിവസത്തേക്ക് ക്ഷമിക്കുക. ഇതുപറഞ്ഞ് സൂഫി ഫക്കീർ അയാളെ ഒരു രാജാവിന്റെ അടുത്തെത്തിച്ചു. ഫക്കീർ രാജാവുമായി സംസാരിച്ചശേഷം അയാളുടെ അടുത്തെത്തി പറഞ്ഞു.

"രാജാവ് നിങ്ങളുടെ രണ്ടു കണ്ണുകൾ വാങ്ങാൻ തയ്യാറാണ്. പ്രതിഫലമായി ആയിരം സ്വർണ്ണനാണയങ്ങൾ തരാമെന്ന് പറയുന്നു."

ഇതുകേട്ട് അമ്പരന്നയാൾ പറഞ്ഞു. "ഞാൻ എന്തിന് എന്റെ കണ്ണുകൾ വിൽക്കണം. എനിക്കതിന്റെ ആവശ്യമില്ല." അല്പം കഴിഞ്ഞ് ഫക്കീർ അയാളെ വീണ്ടും സമീപിച്ചു.

"രാജാവ് നിങ്ങളുടെ കണ്ണുകൾ, അല്ലെങ്കിൽ ചെവി, കൈകാലുകൾ ഇവയിലേതെങ്കിലും ഒന്ന് വാങ്ങാൻ തയ്യാറാണ്. വില പതിനായിരം സ്വർണ്ണനാണയം."

അയാൾ ദേഷ്യത്തോടെ പറഞ്ഞു.

"ഞാനൊരു കച്ചവടത്തിനുമില്ല. ഞാനെന്തിന് എന്റെ അവയവങ്ങൾ വിൽക്കണം. ഞാനതിന് തയ്യാറില്ല." അപ്പോൾ സൂഫി ഫക്കീർ പറഞ്ഞു.



**ശിവദാസൻ എ. കെ**

# മാറ്റത്തിനു തയ്യാറാവൂ...






“പതിനായിരക്കണക്കിന് സ്വർണ്ണനാണയം വിലയിട്ടിട്ടും വിൽക്കാത്ത ശരീരമാണ് വിലയില്ല എന്നു പറഞ്ഞ് നിങ്ങൾ മുൻപ് വെള്ളത്തിൽ മുക്കിക്കൊല്ലാനൊരുങ്ങിയത്.” എണ്ണമറ്റ പ്രബോധനങ്ങൾ, ധർമ്മ ഗ്രന്ഥങ്ങൾ, നിരവധി പ്രവാചകർ, ജനനം മുതൽ ഉപദേശങ്ങളുടെ വേലിയേറ്റം. എന്നിട്ടും എന്തുകൊണ്ടാണ് മനുഷ്യരാശിയിൽ അശാന്തി ഒരു തീരാവ്യാധിയായി നിലകൊള്ളുന്നത്. നിരാശയും നഷ്ടബോധവും ഒഴിയാബാധപോലെയാകുന്നത്. ലോകസമാധാനത്തിനായി മഹായാഗങ്ങൾ സംഘടിപ്പിക്കുന്നവർക്കുപോലും സമാധാനം അന്യമാകുന്നതിന്റെ പൊരുളെന്ത്. ഒരു ‘കുഞ്ഞ്’ പിറക്കുമ്പോൾ അത്രയും നിഷ്കളങ്കമായൊന്ന് ലോകത്തിലില്ല. എല്ലാ അറിവുകളും അത് പഠിക്കുന്നതാണ്. അല്ലെങ്കിൽ പഠിപ്പിക്കുന്നതാണ്. ഒരു വ്യക്തി എന്നാൽ കാണുന്ന ആകാരവും, ധരിച്ച വസ്ത്രവും, സംഭാഷണങ്ങളും മാത്രമല്ല. അയാളുടെ ചിന്തകളും, വിശ്വാസങ്ങളും കൂടി ചേർന്നതാണ്. കുഞ്ഞ് വളർന്നുകൊണ്ടിരിക്കുന്നു. അതുപോലെ ജീവിതമോ, അജീവിതമോ ആകട്ടെ സകലതും മാറിക്കൊണ്ടേയിരിക്കുന്നു. പക്ഷേ, ഉറച്ചുപോയ വിശ്വാസങ്ങൾ, ചിന്തയുടെ സ്വഭാവം അവ മാറുന്നില്ല. അവയെ മാറ്റാനാവുന്നില്ല. മാറ്റത്തിന് ഒരു മുഹൂർത്തം ആവശ്യമായി വന്നെന്നുവരാം. മുൻപ് പറഞ്ഞ കഥപോലെ തനിക്ക് പതിനായിരക്കണക്കിന് സ്വർണ്ണനാണ്യങ്ങൾക്ക് മേൽ വിലയുണ്ടെന്ന് ബോധ്യപ്പെട്ടതുപോലെ.

അമേരിക്കയിലെ ടെലിവിഷൻ അവതാരക ഓപ്റ വിൻഫ്രി ഒരത്ഭുതമാണ്. അവർ കേട്ടിട്ടുപോലുമില്ലാത്ത ഭാഷകളിൽ, നാടുകളിൽ അവരെപ്പറ്റി എഴുതുന്നു. അവരുടെ വൃത്താന്തം എത്തുന്നു. സവിശേഷമായ മാറ്റത്തെപ്പറ്റി അവർ നമ്മോട് പറഞ്ഞുകൊണ്ടിരിക്കുന്നു. ഉദാഹരണമായവർ ചൂണ്ടിക്കാട്ടുന്നത് സ്വന്തം ജീവിതം തന്നെ. ദരിദ്രകുടുംബത്തിൽ ജനിച്ച് നാണം മറയ്ക്കാൻ ചാക്കുടുത്തു നടന്ന ഒരു പെൺകുട്ടിയെ നാട്ടുകാർ




കളിയാക്കുമായിരുന്നത്രെ. ചൂണ്ടിക്കാണിക്കാൻ ഒരച്ഛൻ അവർക്കില്ലായിരുന്നു. കൊടിയ ദാരിദ്ര്യത്തിന്റെ ബാല്യത്തിൽ പലരും അവരെ ലൈംഗീകമായി ചൂഷണം ചെയ്തു. 14-ാം വയസ്സിൽ അവിവാഹിതയായി പ്രസവിച്ചു. അധികം താമസിയാതെ ആ കുഞ്ഞ് മരണമടഞ്ഞു. പിന്നീടാണ് ഹൈസ്കൂൾ പഠനം പൂർത്തിയാക്കുന്നത്. അതിനുശേഷം അവർ സ്വയം കണ്ടെത്തുകയായിരുന്നു. ചണച്ചാക്കുടുത്ത പെൺകുട്ടിയിൽ നിന്ന്, ലൈംഗിക ചൂഷണത്തിന്റെ ദൈന്യതയിൽ നിന്ന് സമഗ്രമായ ഒരു പരിവർത്തനമായിരുന്നു അത്. ഒരു ടെലിവിഷൻ ഷോയിലൂടെ തുടങ്ങി, കണ്ണഞ്ചിപ്പിക്കുന്ന അതിന്റെ ജനപ്രിയതമൂലം അതിന്റെ ഉടമസ്ഥത വിലക്കുവാങ്ങി. പിന്നീട് ഒരു കമ്പനി തന്നെ സ്ഥാപിച്ചു. അമേരിക്കയിലെ കറുത്തവർഗ്ഗക്കാർക്കിടയിലെ ഏക ബില്യണയർ ആണ് എന്നത് മാത്രമല്ല അവരെ വ്യത്യസ്തയാക്കുന്നത്. തുറന്നു പറച്ചിലുകളിലൂടെ ടെലിവിഷൻ അവതരണങ്ങളുടെ നാട്യങ്ങളെ അവർ തിരുത്തി. ഇന്ന് വിൻഫ്രി എങ്ങനെ ജനങ്ങളെ സ്വാധീനിക്കുന്നു എന്നത് അത്ഭുതമാണ്. അവരൊരു പുസ്തകം വായിച്ചാൽ ജനങ്ങളത് വായിക്കാൻ തുടങ്ങുന്നു. സി. എൻ. എൻ, ടൈംകോം തുടങ്ങിയ വാർത്താമാധ്യമങ്ങൾ അവരെ ഏറ്റവും സ്വാധീനമുള്ള വനിതകളുടെ കൂട്ടത്തിൽപ്പെടുത്തുമ്പോൾ ടൈം മാഗസിൻ അവരെ 20-ാം നൂറ്റാണ്ടിലെ ഏറ്റവും സ്വാധീനം ചെലുത്തിയ അമ്പത് വനിതകളിലൊരാളായി ഗണിക്കുന്നു. ഉദാത്തമായ മനുഷ്യസ്നേഹം മുൻനിർത്തി ആരാധനാലയങ്ങൾക്കു പുറത്തുള്ള ഒരു ആത്മീയ നേതാവായി അവർ പരിവർത്തിക്കപ്പെട്ടിരിക്കുന്നു. ഇത്രയും പറഞ്ഞത് നാം അവരുടെ ആരാധകരാക്കുന്നതിന് വേണ്ടിയല്ല. നമുക്കൊരിക്കലും മറ്റൊരാളാകേണ്ട ആവശ്യവുമില്ല. പക്ഷേ, മാറ്റങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്. അത് വ്യത്യസ്തമായ അനുഭവമാണ്. ദിശാവ്യതിയാനമാണ്. തികച്ചും വർത്തമാനകാലത്ത് സംഭവിക്കേണ്ടവ. സമൂഹത്തിലെ നിരവധി പ്രതിസന്ധികളിൽ നിരാശരാണ് പലരും. വിശ്വസിക്കാവുന്ന നേതൃത്വങ്ങളുടെ അഭാവം അവരെ വേദനിപ്പിക്കുന്നു. പക്ഷേ താൻ തന്നെ തനിക്ക് വിശ്വസിക്കാവുന്ന ഒരു നേതൃത്വമാണ് എന്ന് തിരിച്ചറിയാതെ എങ്ങനെയാണ് സമൂഹത്തിൽ മാറ്റമുണ്ടാവുക. മെച്ചപ്പെടുമെന്ന് ആഗ്രഹിക്കാത്തവരായി ആരാണുള്ളത്. പക്ഷേ, മറ്റുള്ളവർ തങ്ങൾക്കായി മാറ്റംകൊണ്ടു വരണം എന്നവരാഗ്രഹിക്കുന്നു. മാറ്റത്തിന്റെ കടിഞ്ഞാൺ നമ്മളിൽത്തന്നെയാണ് എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം നാം ഉണർന്നു കഴിഞ്ഞിരിക്കുന്നു. മാറ്റം നടന്നിരിക്കുന്നു എന്നർത്ഥം.